## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3853 — 24.06.2014 ലെ മറുപടിയ്ക്ക്

## കെ.എസ്. എഫ്. ഇ. യിൽ കോർ ബാങ്കിംഗ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.എം. ഷാജി : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കെ.എസ്.എഫ്.ഇ യിൽ എല്ലാ ബ്രാഞ്ചുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (ബി) | കോർ അപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഫോർ ബിസിനസ്സ് അക്കൗണ്ടിംഗ് എന്ന കോർ ബാങ്കിംഗ് സംവിധാനം കെ.എസ്.എഫ്.ഇ.യിൽ നടപ്പിലാക്കുന്നതിന് രൂപകൽപന ചെയ്ത് വികസിപ്പിക്കാൻ നെസ്റ്റ് എന്ന കമ്പനിയുമായി ധാരണയിലാകാൻ തീരുമാനമായിട്ടുണ്ട്. |
| (സി) | കെ.എസ്.എഫ്.ഇ യിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് സാധിക്കും എന്നത് പരിഗണിച്ചിട്ടുണ്ടോ ? | (സി) | കെ.എസ്.എഫ്.ഇ -യിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ കമ്പനിയുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ഉപകാരപ്രദവുമായ രീതിയിൽ ജനങ്ങളിൽ എത്തിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.